# പതിനാലാം കേരള നിയമസഭ
## നാലാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നമ്പർ: 2588 — 09/03/2017-ൽ മറുപടിയ്ക്ക്

**മദ്യത്തിന്റെ ലഭ്യത കുറയ്ക്കൽ**

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീ.കെ.മുരളീധരൻ<br>ശ്രീ.ഷാഫി പറമ്പിൽ<br>ശ്രീ.വി.എസ്.ശിവകുമാർ<br>ശ്രീ.റോജി.എം.ജോൺ | ശ്രീ. ടി.പി.രാമകൃഷ്ണൻ<br>(തൊഴിലും, എക്സൈസും<br>വകുപ്പ് മന്ത്രി) |
| (എ) മദ്യത്തിന്റെ ഉപഭോഗം കുറയ്ക്കുവാൻ മദ്യത്തിന്റെ ലഭ്യത കുറക്കണമെന്ന ബഹു.സുപ്രീം കോടതിയുടെ നിരീക്ഷണം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; ഇക്കാര്യത്തിൽ ഇതിനകം സ്വീകരിച്ച നടപടികൾ വ്യക്തമാക്കുമോ; | ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. കോടതി ഉത്തരവിന്റെ അടിസ്ഥാനത്തിൽ ദേശീയ/സംസ്ഥാന പാതകളുടെ 500 മീറ്ററിനകത്തുള്ള എല്ലാ വിദേശമദ്യ ചില്ലറ വിൽപ്പനകേന്ദ്രങ്ങളും 2017 മാർച്ച് 31 ന് മുൻപ് മാറ്റി സ്ഥാപിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു. |
| (ബി) മദ്യത്തിന്റെ ലഭ്യത നിയന്ത്രിക്കുന്നതിനായി ബിവറേജസ് കോർപ്പറേഷന്റെ വിൽപ്പനകേന്ദ്രങ്ങൾ കുറയ്ക്കുന്നതിന് ഉദ്ദേശമുണ്ടോ; ഈ സർക്കാർ അധികാരത്തിൽ വന്നശേഷം എത്ര വിൽപ്പന കേന്ദ്രങ്ങൾ നിർത്തലാക്കി; | ഉദ്ദേശമില്ല. ഒരു വിദേശമദ്യ ചില്ലറ വിൽപ്പനശാലയും അടച്ചു പൂട്ടിയിട്ടില്ല. |
| (സി) മുൻസർക്കാരിന്റെ കാലത്ത് ഓരോ വർഷവും പത്ത് ശതമാനം വിൽപ്പന കേന്ദ്രങ്ങൾ പൂട്ടണമെന്ന തീരുമാനം എടുത്തിരുന്നോ; അതുപ്രകാരം ബിവറേജസ് കോർപ്പറേഷന്റെ എത്ര വിൽപ്പന കേന്ദ്രങ്ങൾ നിർത്തലാക്കി; വ്യക്തമാക്കാമോ? | തീരുമാനമെടുത്തിരുന്നു. അതുപ്രകാരം ബിവറേജസ് കോർപ്പറേഷന്റെ 68 വിദേശമദ്യ ചില്ലറ വിൽപ്പനശാലകൾ നിറുത്തലാക്കുകയുണ്ടായി. |

Sreedev

സെക്ഷൻ ഓഫീസർ